"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെയർമാനായി ചുമതല വഹിച്ചുവരുന്ന ശ്രീ.യു.ആർ പ്രദീപ് (Ex. MLA) ന്റെ രാജി സ്വീകരിച്ച് പ്രസ്തുത ചുമതലയിൽ നിന്നും വിടുതൽ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.929/2024/SCSTD തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:-

1. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെയർമാൻ ശ്രീ.യു.ആർ പ്രദീപ് ബഹു പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച 19.10.2024 ലെ കത്ത്.
2. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 21.10.2024 ലെ 116/A2/2022 നമ്പർ കത്ത്.
3. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 21.10.2024 ലെ 116/A2/2022 നമ്പർ ബാധ്യതാ രഹിത സാക്ഷ്യപത്രം.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെയർമാനായി പ്രവർത്തിച്ചു വരുന്ന ശ്രീ.യു.ആർ പ്രദീപ് , 13.11.2024 ന് നിയമസഭയിലേക്ക് നടക്കുന്ന ഉപതെരഞ്ഞെടുപ്പിൽ ചേലക്കര നിയോജക മണ്ഡലത്തിൽ നിന്നും മത്സരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ, കോർപ്പറേഷൻ ചെയർമാൻ സ്ഥാനത്തുനിന്നും രാജിവയ്ക്കുന്നതായി അറിയിച്ചുകൊണ്ടും, പ്രസ്തുത ചുമതലയിൽ നിന്നും വിടുതൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ചെയർമാനായി 10.01.2022 മുതൽ പ്രവർത്തിച്ചു വരുന്ന ശ്രീ.യു.ആർ പ്രദീപിന് നാളിതുവരെയുള്ള കാലയളവിൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട് ബാധ്യതയൊന്നും നിലവിൽ ഇല്ല എന്ന് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

3) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെയർമാനായി പ്രവർത്തിച്ചു വരുന്ന ശ്രീ.യു.ആർ പ്രദീപ് (Ex. MLA) 13.11.2024 ന് നിയമസഭയിലേക്ക് നടക്കുന്ന ഉപതെരഞ്ഞെടുപ്പിൽ ചേലക്കര നിയോജക മണ്ഡലത്തിൽ നിന്നും മത്സരിക്കുവാൻ

തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ, ടിയാൻ പരാമർശം (1) പ്രകാരം സമർപ്പിച്ച രാജി സ്വീകരിച്ച് കോർപ്പറേഷൻ ചെയർമാന്റെ ചുമതലയിൽ നിന്നും വിടുതൽ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സി.അനിൽകുമാർ
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
ശ്രീ.യു.ആർ പ്രദീപ് (Ex. MLA)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shameem Muhammed B M
Date: 22-10-2024 11:53:51

സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u>

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്